# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 387 29/06/2016-ൽ മറുപടിക്ക്

## വൈദ്യുത കമ്പി പൊട്ടി വീണുള്ള അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കാലവർഷവും ശക്തമായ കാറ്റും വന്നതോടെ സംസ്ഥാനത്ത് വൈദ്യുത കമ്പി പൊട്ടി വീണ് മനുഷ്യരും മൃഗങ്ങളും അപകടത്തിൽപ്പെടുന്നവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) പ്രസ്തുത പ്രശ്നത്തിന് എന്തെങ്കിലും ശാശ്വതമായ പരിഹാരം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റെനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിങ്ങ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, ഏർത്തിങ്ങ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റെനൻസ് ചെയ്യുക, |

ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക. പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ ചെയ്തു വരുന്നു.

പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളുടെയും വിതരണ ശൃംഖലയുടേയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ പരിഗണനയിലാണ്. 11 കെ.വി.യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തിവരുന്നു.

പൊതുജനങ്ങളുടേയും കുട്ടികളുടേയും വൈദ്യുതി സംബന്ധമായ സുരക്ഷാവബോധം ഉയർത്തുന്നതിനായി വിവിധ പരിപാടികൾ നടത്തിവരുന്നു. ഡോക്യുമെൻററികൾ, ന്യൂസ് ക്ലിപ്പിങ്ങ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ ശ്രാവ്യ/ പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ലൈനുകളുടെ നിർമ്മാണം കുറ്റമറ്റരീതിയിൽ നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ സാങ്കേതികവും പൊതുജന സമ്പർക്ക പരവുമായ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സുരക്ഷാ

ബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സ്കൂൾ വർഷത്തിൽ സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന നെയിം സ്ലിപ്പുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) പാശ്ചാത്യ രാജ്യങ്ങളിലേതു പോലെ വൈദ്യുത പ്രസരണത്തിനായി ഇൻസുലേറ്റഡ് വയർ ഉപയോഗിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോ?

(സി) LT, HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP) യിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെ 1356 കിലോമീറ്റർ ഭൂഗർഭ കേബിളുകളും 1495 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളുകളും സ്ഥാപിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചതിനെ തുടർന്ന് 886 കിലോമീറ്റർ ഭൂഗർഭ കേബിളും 151 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും സ്ഥാപിച്ചു കഴിഞ്ഞു. ഇതിനുപുറമേ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികളായ Integrated Power Development Scheme (IPDS), Deen Dayaal Upadhyaaya Grama Jyothi Yojana (DDUGJY) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്താകെ 193 കിലോമീറ്റർ ഭൂഗർഭ കേബിളും 1434 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും സ്ഥാപിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**